നമ്പർ. 461/എം 5/2023

മൈ നിം ഗ് & ജി യോ ളജി ഡയറക്ടറേ റ്റ്
കേ ശവദാ സപു രം , പട്ടം പാ ലസ് പി .ഒ
തി രു വനന്തപു രം -4
Tel.Fax: 0471 2447429
e-mail: director.dir.dmg@kerala.gov.in
web: www.dmg.kerala.gov.in

18-03-2023

## സർക്കുലർ

വിഷയം:- മൈനിംഗ് & ജിയോളജി വകുപ്പ് - ഖനിയും ഖനിജങ്ങളും - ഓവർ ബർഡൻ മൂലമുള്ള പ്ര ശ്നങ്ങൾ പരി ഹരിക്കു ന്നത്- നി ർദ്ദേ ശം നൽകു ന്നത്-സം ബന്ധിച്ച്

സൂചന :-
1. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ.
2. 8/2/2023-ൽ ചേർന്ന യോഗത്തിന്റെ നടപടി കുറിപ്പ്.
3. 15/3/2023-ൽ ചേർന്ന യോഗത്തിന്റെ നി ർദ്ദേശങ്ങൾ.

സംസ്ഥാനത്തെ ക്വാറി മേഖലകളിലെ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 8/2/2023-ൽ ഒരു യോഗം കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ താഴെ പറയും പ്രകാരമുള്ള അഭിപ്രായങ്ങൾ ഉണ്ടായി.

2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടം നിലവിൽ വന്നതിനുശേഷം പാരിസ്ഥിതികാനുമതി ഖനനത്തിന് നിർബന്ധമാക്കിയ സാഹചര്യത്തിൽ അപേക്ഷകൻ ലെറ്റർ ഓഫ് ഇന്റന്റ് ലഭിച്ചതിനുശേഷം പാരിസ്ഥിതികാനുമതി ലഭിയ്ക്കുന്നതിനായി മൈനിങ് പ്ലാൻ സമർപ്പിക്കുന്നു എന്ന് വ്യവസ്ഥ ചെയ്യുകയുണ്ടായി. എന്നാൽ ഇത്തരത്തിൽ മൈനിങ് പ്ലാൻ സമർപ്പിച്ച് അപ്രൂവ് ചെയ്തതിനുശേഷം പാരിസ്ഥിതികാനുമതി ഉൾപ്പെടെയുള്ള സ്റ്റാറ്റ്യൂട്ടറി ലൈസൻസുകൾ കരസ്ഥമാക്കി ഖനനാനുമതി നേടി ഖനനം ആരംഭിക്കുന്ന സമയത്ത് മൈനിങ് പ്ലാൻ പ്രകാരം അനുവദിച്ച ധാതുവിന്റെ റിസർവിലും ലഭിക്കുന്ന ധാതു (available mineral) വിന്റെയും മേൽമണ്ണിന്റെയും അളവുകളിൽ മാറ്റം വരുന്നതായും കാണുന്നുണ്ടെന്നും അവ പിന്നീട് വകുപ്പ് നടത്തുന്ന പരിശോധനകളിലും അളവെടുപ്പിലും യഥാർത്ഥ അളവിനെക്കാൾ വ്യത്യസ്ഥമായ രീതിയിൽ ഖനനം ചെയ്തെടുത്ത ധാതുവിന്റെ അളവ് കണ്ടെത്തണമെന്നും ആയത് മൂലം ലീസ് ഉടമയ്ക്ക് അധിക ബാധ്യത ഉണ്ടാകുന്നുണ്ടെന്നും സൂചന (2) പ്രകാരം നടന്ന യോഗത്തിൽ ലീസ് ഉടമകൾ അറിയിക്കുകയുണ്ടായി. ആയതിന് പരിഹാരം ഉണ്ടാക്കുന്നതിനും കൂടുതൽ വ്യക്തത വരുത്തുന്നതിനും താഴെ പറയുന്ന പ്രകാരം അറിയിപ്പ് നൽകുന്നു.

കെ.എം.എം.സി 15 ചട്ടം 55 പ്രകാരം മൈനിങ് പ്ലാൻ അംഗീകരിച്ചു ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഖനനാനുമതി ലഭിച്ച് ഖനനപ്രവർത്തനങ്ങൾ ആരംഭിച്ചതിനുശേഷം അംഗീകരിച്ചു ലഭിച്ച മൈനിങ് പ്ലാനിൽ നിന്നും വ്യത്യസ്തമായി ഖനനത്തിനനുവദിച്ച ധാതുവിന്റെ അളവും ഘടനയും മേൽമണ്ണിന്റെ അളവും വ്യത്യസ്തമായി കാണുകയാണെങ്കിൽ മോഡിഫൈഡ് മൈനിംങ് പ്ലാൻ സമർപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

ടി സാഹചര്യത്തിൽ ഖനനം ആരംഭിച്ചതിനുശേഷം ഖനനത്തിന് അനുവദിച്ച ധാതുവിന്റെ ഘടനയിൽ വരുന്ന മാറ്റത്തിന് അനുസരിച്ചും സാങ്കേതിക വിദ്യയുടെ വളർച്ചയുടെയും ഈ മേഖലയിലെ പരിചയത്തിന്റെയും അടിസ്ഥാനത്തിലും ചട്ടം അനുശാസിക്കുന്ന രീതിയിൽ മൈനിങ് പ്ലാനിൽ മാറ്റം വരുത്തി മോഡിഫൈഡ് മൈനിങ് പ്ലാൻ സമർപ്പിക്കുന്നതിന് ലീസ് ഉടമയ്ക്ക് നിർദ്ദേശം നൽകേണ്ടതാണ്.

വിശ്വസ്തതയോടെ

Devidas N. IAS
DIRECTOR



Generated from eOffice by MINUMON S S, M5 DMG, M5 DMG, DMG on 21/03/2023 05:09 PM

എല്ലാ ജില്ലാ സീനിയർ ജിയോളജിസ്റ്റ്/ജിയോളജിസ്റ്റ്മാർക്കും

<u>പകർപ്പ്:</u>

ഡെപ്യൂട്ടി ഡയറക്ടർ 1,2

സി.എ റ്റു ഡി.എം.ജി

കരുതൽ ഫയൽ/ ഫയൽ കോപ്പി



Generated from eOffice by MINUMON S S, M5 DMG, M5 DMG, DMG on 21/03/2023 05:09 PM

നമ്പർ. 461/എം5/2023

മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റ്
കേശവദാസപുരം, പട്ടം പാലസ് പി.ഒ
തിരുവനന്തപുരം-4
Tel.Fax: 0471 2447429
e-mail: director.dir.dmg@kerala.gov.in
web: www.dmg.kerala.gov.in
18-03-2023

## സർക്കുലർ

വിഷയം:- മൈനിംഗ് & ജിയോളജി വകുപ്പ് - ഖനിയും ഖനിജങ്ങളും - ഓഫീസുകളിൽ പൊതുജനങ്ങളോട് മാന്യമായ പരിഗണനയും പെരുമാറ്റവും ഉറപ്പാക്കൽ നിർദ്ദേശം നൽകുന്നത്-സംബന്ധിച്ച്

സൂചന :-
1. 8/2/2023-ൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടികുറിപ്പ്.
2. 15/3/2023-ൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നിർദ്ദേശങ്ങൾ.
3. 24/6/2015 ന്റെ ഉദ്യോഗസ്ഥഭരണപരിഷ്കാര (എആർ13) വകുപ്പിന്റെ 7995/എ.ആർ.13(2)/15/ഉ.ഭ.പ.വ നമ്പർ സർക്കുലർ

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 8/2/2023-ൽ ചേർന്ന യോഗത്തിൽ, സർക്കാർ ഓഫീസിൽ വരുന്ന പൊതുജനങ്ങളോട് മാന്യമായി പെരുമാറണമെന്ന നിർദ്ദേശം ഉൾക്കൊള്ളിച്ചുള്ള സൂചന 3 സർക്കുലർ കർശനമായി നടപ്പിലാക്കണമെന്ന് തീരുമാനിക്കുകയുണ്ടായി. വിവിധ ആവശ്യങ്ങളുമായി ഓഫീസിനെ സമീപിക്കുന്ന പൊതുജനങ്ങളോട് വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും മാന്യമായ സമീപനം ഉണ്ടാകേണ്ടതാതാണെന്നും സൂചന(3) സർക്കുലറിലെ നിർദേശങ്ങൾ കർശനമായി പാലിക്കണമെന്നും നിർദേശിക്കുന്നു.

വിശ്വസ്തതയോടെ

Devidas N. IAS
DIRECTOR

ഉള്ളടക്കം:മേൽ പ്രകാരം

എല്ലാ ജില്ലാ സീനിയർ ജിയോളജിസ്റ്റ്/ജിയോളജിസ്റ്റ്മാർക്കും

കേരള മിനറൽ സ്ക്വാഡ് (എസ്.ആർ, സി.ആർ,എൻ.ആർ) ജിയോളജിസ്റ്റ് മാർക്കും

<u>പകർപ്പ്</u>

ഡെപ്യൂട്ടി ഡയറക്ടർ 1,2

സി.എ റ്റു ഡി.എം.ജി

കരുതൽ ഫയൽ/ ഫയൽ കോപ്പി



Generated from eOffice by MINUMON S S, M5 DMG, M5 DMG, DMG on 21/03/2023 05:09 PM

നമ്പർ. 461/എം5/2023

മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റ്
കേശവദാസപുരം, പട്ടം പാലസ് പി.ഒ
തിരുവനന്തപുരം-4
Tel.Fax: 0471 2447429
e-mail: director.dir.dmg@kerala.gov.in
web: www.dmg.kerala.gov.in

18-03-2023

## <u>സർക്കുലർ</u>

വിഷയം:- മൈനിംഗ് & ജിയോളജി വകുപ്പ് - ഖനിയും ഖനിജങ്ങളും - ഓൺലൈൻ മുഖേന മൂവ്മെന്റ് പെർമിറ്റ് അനുവദിക്കുന്നത് നിർദ്ദേശം നൽകുന്നത്-സംബന്ധിച്ച്

സൂചന :- 1. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ.
2. 8/2/2023-ൽ ചേർന്ന യോഗത്തിന്റെ നടപടികുറിപ്പ്.
3. 15/3/2023-ൽ ചേർന്ന യോഗത്തിന്റെ നിർദ്ദേശങ്ങൾ.

സംസ്ഥാനത്തെ ക്വാറി മേഖലകളിലെ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 8/2/2023-ൽ ഒരു യോഗം കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കണമെന്നും ലെറ്റർ ഓഫ് ഇന്റന്റ് , മൈനിംഗ് ലീസ് അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കണമെന്നും, ഓൺലൈൻ മുഖേന മൂവ്മെന്റ് പെർമിറ്റ് അനുവദിക്കുന്നതിനുള്ള നടപടികൾ ജില്ലാ ജിയോളജിസ്റ്റമാർ സ്വീകരിക്കണമെന്നും അപേക്ഷകൾ സ്വീകരിക്കുമ്പോൾ കൈപ്പറ്റ് രസീതുകൾ നൽകണമെന്നും യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ മുഖേന മൂവ്മെന്റ് പെർമിറ്റ് അനുവദിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുന്നതിനും അപേക്ഷകൾ/പരാതികൾ/നിവേദനങ്ങൾ എന്നിവ സ്വീകരിക്കുമ്പോൾ കൈപ്പറ്റ് രസീത് നൽകുന്നതിനും ഉള്ള നടപടി സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

Devidas N. IAS
DIRECTOR

ഉള്ളടക്കം:മേൽ പ്രകാരം.

എല്ലാ ജില്ലാ സീനിയർ ജിയോളജിസ്റ്റ്/ജിയോളജിസ്റ്റ്മാർക്കും
കേരള മിനറൽ സ്ക്വാഡ് (എസ്.ആർ, സി.ആർ,എൻ.ആർ) ജിയോളജിസ്റ്റ് മാർക്കും

പകർപ്പ്
ഡെപ്യൂട്ടി ഡയറക്ടർ 1,2
സി.എ റ്റു ഡി.എം.ജി
കരുതൽ ഫയൽ/ ഫയൽ കോപ്പി



Generated from eOffice by MINUMON S S, M5 DMG, M5 DMG, DMG on 21/03/2023 05:09 PM